ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്ക്പോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) നിലവിലുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ (9-ാം പദ്ധതിക്കാലത്ത് ഗ്രാമവികസന വകുപ്പ് നടത്തിയ ദാരിദ്ര്യരേഖാ സെൻസസ്സ് പ്രകാരമുള്ള ലിസ്റ്റ്) 17.23 ലക്ഷം കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

ഗ്രാമവികസന വകുപ്പ് നടത്തിവരുന്ന വികസന പദ്ധതികൾ

127 [694] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് നടത്തിവരുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്ത് എന്തെല്ലാം ഗ്രാമീണ വികസന പ്രവർത്തനങ്ങളാണ് ഗ്രാമവികസന വകുപ്പ് നടത്തിയിട്ടുള്ളത്;

(സി) വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈയിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പാലക്കാട് ജില്ലയിലെ ഏതെല്ലാം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പദ്ധതി പ്രവൃത്തികളാണ് ഗ്രാമവികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഗ്രാമീണ വികസന പദ്ധതികൾ ഗ്രാമ വികസന വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്; പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ നിലവിലുള്ള പ്രവൃത്തികൾ ശുപാർശ ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

1. സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)
4. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി.
5. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)
6. സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി.
7. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്യൂ.ഡി.പി.)
8. ഹരിയാലി.
9. ആർ.ഐ.ഡി.എഫ് റോഡ് പ്രോജക്ടുകൾ.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, ഇന്ദിരാ ആവാസ് യോജന സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി എന്നീ പദ്ധതികൾ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കിവരുന്നു. മറ്റ് പദ്ധതികൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പിലാക്കിവരുന്നു എന്നത് സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഗ്രാമവികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത് ഓരോ പദ്ധതിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ്.

മാവൂർ ചെറൂപ്പ സബ് രജിസ്ട്രാർ ഓഫീസ്

128 [706] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ (ചെറൂപ്പ) സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ സ്ഥലപരിമിതിമൂലം ജീവനക്കാരും സന്ദർശകരും പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രയാസം പരിഹരിക്കുന്നതിനായി മാവൂർ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിൽ എവിടെയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly